പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 346 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതിക്ഷാമം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതിക്ഷാമം നേരിടുന്ന അവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്തിൻെറ വൈദ്യുതി ഉപഭോഗം വർഷം തോറും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്ത് 2011-12 വർഷം പ്രതീക്ഷിക്കുന്ന ഉപഭോഗം ഏകദേശം 18900 മില്യൺ യൂണിറ്റും, ശരാശരി പീക് ഡിമാൻറ് ഏകദേശം 3300 മെഗാവാട്ടും ആണ്. ഇതിൽ ജല വൈദ്യുത പദ്ധതികളിൽ നിന്നും പ്രതീക്ഷിക്കുന്ന പരമാവധി ഉല്പാദനം ഏകദേശം 7900 മില്യൺ യൂണിറ്റും പരമാവധി ലഭ്യമായ ശേഷി ഏകദേശം 1600 മെഗാവാട്ടും ആണ്. കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്ന് പരമാവധി പ്രതീക്ഷിക്കുന്ന വിഹിതം ഏകദേശം 7600 മില്യൺ യൂണിറ്റും, ശേഷി 900 മുതൽ 1000 വരെ മെഗാവാട്ടും ആണ്. അതുകൊണ്ട് 2011-12 വർഷത്തിൽ ഏകദേശം 3400 മില്യൺ യൂണിറ്റിൻെറയും 700 മെഗാവാട്ട് ശേഷിയുടെയും കുറവുണ്ട്. ഇന്ധന വില കൂടിയതിനാലും, ഇന്ധന ലഭ്യത കുറഞ്ഞതിനാലും, താപവൈദ്യുതിയുടെ വില കൂടുകയും ലഭ്യത കുറയുകയുമാണ്. ദക്ഷിണ ഗ്രിഡിലെ പ്രസരണ ലൈനുകളുടെ ശേഷിയും വേണ്ടത്ര ഇല്ല. ഈ കാരണങ്ങളാൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുവാൻ പ്രയാസങ്ങൾ നേരിടുന്നുണ്ട്. |

(ബി) മുൻ വർഷങ്ങളിൽ ഏതൊക്കെ സമയത്താണ് വൈദ്യുതിക്ഷാമത്തിന്റെ ഭാഗമായി ലോഡ്ഷെഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

(ബി) 2008-09 വർഷത്തിൽ 27-06-2008 മുതൽ 31-03-2009 വരെ, പൊതുവെ 4 മണിക്കൂർ വീതം ലോഡ്ഷെഡിംഗ് ഉണ്ടായിരുന്നു. ചില ദിവസങ്ങളിൽ ലോഡ്ഷെഡിംഗ് 5 മണിക്കൂർ മുതൽ 7 മണിക്കൂർ വരെ ദീർഘിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്.

ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിലം 08-03-2009 മുതൽ 25-03-2009 വരെ എസ്. എസ്. എൽ. സി പരീക്ഷാ സമയങ്ങളിലും ലോഡ്ഷെഡിംഗ് ഒഴിവാക്കിയിരിക്കുന്നതായി കാണുന്നു. 2009-10 വർഷത്തിൽ, 01-04-2009 മുതൽ 05-04-2009 വരെയും, 07-06-2009 മുതൽ 12-06-2009 വരെയും, ലോഡ്ഷെഡിംഗ് ഉണ്ടായിരുന്നു.

സെക്ഷൻ ഓഫീസർ.